**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7292** — **16.07.2012 - ൽ മറുപടിക്ക്**

## പാർവ്വതീപുത്തനാറിന് കുറുകെ പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരത്ത് നാഷണൽ ഹൈവേ ബൈപ്പാസിൽ നിന്നും ബീമാപള്ളിയിലേയ്ക്ക് എത്തിച്ചേരുന്നതിന് പാർവ്വതീപുത്തനാറിനുകുറുകെ ഒരു പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരത്ത് നാഷണൽ ഹൈവേ ബൈപ്പാസിൽ നിന്നും ബീമാപള്ളിയിലേയ്ക്ക് എത്തിച്ചേരുന്നതിന് പാർവ്വതീപുത്തനാറിനുകുറുകെ ഒരു പാലം നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലം പൊന്നിൻ വിലക്ക് എടുക്കുന്നതിനായി 08.05.2008 -ൽ ജി.ഒ.(ആർ.ടി) നം.685/2008/പൊമവ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയുടെയും, പാലം നിർമ്മാണത്തിനായി 29.11.2008 -ൽ ജി.ഒ.(ആർ.ടി) നം.2009/2008/പൊമവ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് ഇതിനായി കല്ലിടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ തുടർനടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. എന്നാൽ സ്ഥലമെടുപ്പിനായുള്ള അതിർത്തികല്ലുകൾ സ്ഥാപിക്കുവാൻ ആരംഭിച്ചിരുന്നു. പ്രസ്തുത കല്ലിടലും, പാലം രൂപകൽപ്പനയ്ക്ക് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പണികളും സ്ഥലം ഉടമകളുടെ എതിർപ്പിനെ തുടർന്ന് നിർത്തിവയ്ക്കേണ്ടി വന്നു. |

അതിനു ശേഷം അന്നത്തെ സ്ഥലം എം.എൽ.എ., കോർപ്പറേഷൻ കൗൺസിലർമാർ, രാഷ്ട്രീയപാർട്ടി നേതാക്കൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്ഥലം ഉടമകളുമായി ചർച്ച നടത്തിയെങ്കിലും പാലം പണിക്ക് അനുകൂല തീരുമാനങ്ങൾ ഉണ്ടായില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥലം എം.എൽ.എ. ബഹു. ആരോഗ്യ – ദേവസ്വം വകുപ്പ മന്ത്രി ശ്രീ.വി.എസ്.ശിവകുമാർ ഇതു സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി. ഇതനുസരിച്ച് ചർച്ചകൾ നടന്നു വരുന്നു.

(സി) ഈ സർക്കാർ ബീമാപള്ളി പ്രദേശത്തെ ജനങ്ങളുടെ ചിരകാലാഭിലാഷമായ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

(സി) ആവശ്യമായ സ്ഥലം ലഭ്യമായാൽ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ